# ചൂതുകളി സംഘത്തെ ഷാഡോ പോലീസ് പിടികൂടി

ആലുവ ചൂണ്ടി കോളനിപ്പടി ഭാഗത്ത് ആൾതാമസമില്ലാത്ത വീട്ടിൽ "പന്നിമലത്ത്" എന്ന ചൂതുകളിച്ച 5 പേരെ ആലുവ റൂറൽ ജില്ല പോലീസ് മേധാവി ശ്രീ. എ.വി.ജോർജ്ജ് ഐപിഎസ്-ൻെറ സ്പെഷ്യൽ ഷാഡോ പോലീസ് ടീം പിടികൂടി.

ആലുവ ചൂണ്ടി ഭാഗത്ത് കോട്ടേക്കാട്ടിൽ വീട്ടിൽ കുറുമ്പൻ മകൻ കുഞ്ഞുമോൻ , അത്തപ്പിള്ളി വീട്ടിൽ വർഗീസ് മകൻ മാത്യു, എരുമത്തല വലിയ വീട്ടിൽ വറീത് മകൻ ഡോമനിക്, പറമ്പയം ചൂണ്ടനത്തിൽ വീട്ടിൽ കരുണാകരൻ മകൻ അനിൽകുമാർ എന്നിവരേയാണ് അറസ്റ്റ് ചെയ്തത്. സ്ഥലത്തു നിന്നും 35,750/- രൂപയും പിടിച്ചെടുത്തു.

ആലുവ റൂറൽ ജില്ല പോലീസ് മേധാവി ശ്രീ. എ.വി.ജോർജ്ജ് ഐപിഎസ്-ന് ലഭിച്ച രഹസ്യവിവരത്തെ തുടർന്ന് വളരെ ആസൂത്രിതമായി ഷാഡോ പോലീസ് നടത്തിയ റെയ്ഡിലാണ് ചീട്ടുകളി സംഘത്തെ അറസ്റ്റ് ചെയ്തത്. 1-ാം പ്രതിയായ കുഞ്ഞുമോനാണ് ഈ വീട് വാടകയ്ക്കെടുത്ത് ചീട്ടുകളി നടത്തിയിരുന്നത്. 10.01.2017 തീയ്യതി വൈകിട്ടാണ് റെയ്ഡ് നടന്നത്.

സ്പെഷ്യൽ ഷാഡോ പോലീസ് ടീമിൽ എ.എസ്.ഐ മാരായ ജോയി, സജീവ്ചന്ദ്രൻ പോലീസുകാരായ രാജേഷ്, ശ്യാംകുമാർ, മുഹമ്മദ്, എന്നിവരുണ്ടായിരുന്നു.

പ്രതികളേയും പണവും എടത്തല പോലീസിന് കൈമാറി. എടത്തല പോലീസ് കേസ് രജിസ്റ്റർ ചെയ്ത് കൂടുതൽ അന്വേഷണം നടത്തിവരുന്നു